# VIJAYODAYAM U.P.S


CHEMPU P.O
VAIKOM-686 608
Ph: 94463 65671




# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26


gmail: vijayodayamups@gmail.com

# 2025-2026
# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകല്പന ചെയ്യേണ്ടതുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും, സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായപങ്കും, ഇവിടെ നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകളും ഈ പുരോഗതിക്കു കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണ പ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ "പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം "വിദ്യാഭ്യാസരംഗത്തു അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതീകരംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ

കൈവരിച്ചു. പൊതു വിദ്യാലയങ്ങളിലേക്ക് ധാരാളം കുട്ടികൾ പുതിയതായി വന്നു ചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളി ലുള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും, അധ്യാപകരും, വിദ്യാഭ്യാസ സംവിധാനങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് "അക്കാദമിക മാസ്റ്റർ പ്ലാൻ".

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാലയങ്ങളിൽ ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി,കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോല പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.

- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും, വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും, അധ്യാപകരും അധ്യാപകരും തമ്മിലും, അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ടു അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണ നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 മലയാളം ക്ലാസ്സ് : 5, 6 7

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്നു വർഷത്തിനുള്ളിൽ ട്യൂഷൻ സംസകാര്ത്തിന് വിരാമം ഇടുക | സ്കൂൾ സിലബസിന് പുറമേ കുട്ടികൾക്ക് വേണ്ട കൂടുതൽ അറിവ് ലഭിക്കുന്നതിന് വിദഗ്ധരിൽ നിന്ന് പരിശീലനം | 2025-26 | ടീച്ചേഴ്സ് പി റ്റി എ | രക്ഷിതാക്കൾ |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>ഭാഷാ കേളി</u><br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുക<br>• <u>വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക്</u> അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുക | ജൂൺ മാസം | മലയാളം അധ്യാപിക | രക്ഷിതാക്കൾ |
| പഠിതാവിൽ അർത്ഥപൂർണ്ണമ ായ വായന ഉറപ്പുവരുത്തുക | വാർത്ത ലോകത്തേക്ക്<br>പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുക | എല്ലാദിവസവും | മലയാളം അധ്യാപിക | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരുടെ അനുകൂല മനോഭാവം വളർത്തുക | സംവാദം അഭിമുഖം<br>എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായി അഭിമുഖ സംഭാഷണം സംഘടിപ്പിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | മലയാളം അധ്യാപിക | രക്ഷിതാക്കൾ |
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കൽ | ഇ കമ്പ്യൂട്ടിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുക | 2 വർഷം | മലയാളം അധ്യാപിക | രക്ഷിതാക്കൾ |
| പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്ക ◌ുക | രംഗാവിഷ്ക്കാരം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂളിൽ അവതരിപ്പിക്കാൻ അവസരം നൽകുക | വർഷം മുഴുവൻ | മലയാളം അധ്യാപിക | രക്ഷിതാക്കൾ |

| ACADEMIC MASTER PLAN 2025-26 ENGLISH CLASS:- 5,6,7 | | | | | |
|---|---|---|---|---|---|
| Sl. No | Name of the program | Objectives | Process | Duration | Participants |
| 1 | English Assembly | To improve LSRW skills<br>To improve presentation skills<br>To develop confidence | Selection of students<br>Assign duties to students and class<br>Refine the works<br>Presentation, Feedback | Weekly | All the students and teachers |
| 2 | Improve the handwriting | To improve the handwriting<br>To make the handwriting legible<br>To learn how to write letters | Peer group learning<br>copy book writing | Weekly | All the students |
| 3 | News Reading | To improve reading skill<br>To get more vocabulary | Select news<br>Write the news in paper<br>Present either in the assembly or in the class or share the audio through WhatsApp group | Weekly | All the students |
| 4 | Word of the Day | To improve reading skill<br>To get more vocabulary | Select words<br>Provide word meanings to students | Daily | All the students |
| 5 | English Fest | To improve LSRW skills<br>To improve presentation skill | Giving idea<br>plan different programs<br>give training, schedule, Execute | Once in a year | All the students |
| 6 | Reading Time | To improve reading skill | Select the books<br>Schedule<br>provide books to read | weekly | All the students |

| ACADEMIC MASTER PLAN  BASIC SCIENCE 2025-26 | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കണ്ടൽക്കാട് നിരീക്ഷണം,പുഴയെ അറിയാൻ യാത്രകൾ. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ സയൻസ് ക്ലാസ് ആരംഭിക്കുന്നു. സയൻസ് കിറ്റ് തയ്യാറാക്കുന്നു.പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി പരീക്ഷണങ്ങളുടെഒരു ശേഖരണം തയ്യാറാക്കുന്നു. | July-September | Science teacher<br>Science club | Parents<br>P T A |
| ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | 2025-26 Academic Year | Science teacher<br>Science club | Parents<br>P T A |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ഗണിതം ക്ലാസ്സ് : 5, 6 7 | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനങ്ങൾ/ലക്ഷ്യം | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | Remarks |
| ഗണിത മാഗസിൻ | ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിതപരമായ കാര്യങ്ങൾ ഉൾപ്പെടുത്തി ഗണിത മാഗസിൻ നിർമ്മാണം | 6 മാസം | ക്ലബ്ബ് അംഗങ്ങൾ , അധ്യാപകർ | | |
| വിദഗ്ധ ക്ലാസ്സ് | ഗണിതപരമായ ആശയങ്ങൾ കുട്ടികളുമായി പങ്കിടുവാൻ ഒരു ഗണിത വിദഗ്ധരുടെ ക്ലാസ്സ് സംഘടിപ്പിക്കുക | 1 ആഴ്ച | ഗണിതക്ലബ്ബ് അംഗങ്ങൾ ,കുട്ടികൾ അധ്യാപകർ | | |
| ഗണിത അസംബ്ലി | ഗണിത പ്രാർത്ഥന, ഗണിത ക്വിസ്സ്, ഗണിത രൂപത്തിൽ കുട്ടികളെ ക്രമീകരിക്കുക etc... എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി ഗണിത അസംബ്ലി നടത്തുക | 1 മാസം | ഗണിതക്ലബ്ബ് അംഗങ്ങൾ ,കുട്ടികൾ അധ്യാപകർ | | |
| ഗണിത ലൈബ്രറി | ഗണിത പുസ്തകങ്ങൾ ശേഖരിച്ച് ഗണിത ലൈബ്രറി ഉണ്ടാക്കും | 1 വർഷം | കുട്ടികൾ അധ്യാപകർ | | |
| ഗണിത നിഘണ്ടു | പുതിയതായി കുട്ടികൾ പഠിക്കുന്ന കാര്യങ്ങൾ ( ഗണിതപരമായ) ഉപയോഗിച്ച് ഗണിത നിഘണ്ടു നിർമ്മിക്കുക. | 3 വർഷം | 5,6,7 ക്ലാസ്സിലെ കുട്ടികൾ, അധ്യാപകർ | | |
| ഗണിത ചാർട്ട് | എല്ലാ ക്ലാസ്സുകളിലും (5,6,7) അധ്യായവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഗണിത ചാർട്ട് നിർമ്മിക്കുക | 1 വർഷം | 5,6,7 ക്ലാസ്സിലെ കുട്ടികൾ, അധ്യാപകർ | | |

| ACADEMIC MASTER PLAN HINDI 2025-26 | | | | | |
|---|---|---|---|---|---|
| SL.NO | कार्यक्रम | गतिविधि | कलांश | भौतिक | सहायता |
| 1 | यू पी कक्षाके सभी बच्चों को अक्षर शब्द ' या आशय ग्रहण करने की क्षमता बढ़ाना । | अक्षर लिखना<br>चिह्न पहचानना ।<br>अक्षर कार्ड बनाना<br>अक्षर खेल ।<br>भाषाई खेल ।<br>वाचन कार्ड बनाना।<br>वाक्यों का निर्माण । | जून से आगस्त तक । | अक्षर चार्ट<br>पाठ पुस्तिका<br>वर्णमाला चार्ट । | Teacher Resource |
| 2 | घर में देखनेवाले उपयोग करते चीज़ो के नाम हिंदी में बताना । | **घरेलु उपकरणों की सूची तैयार करना ।**<br>**ICT की सहायता से चीज़ों और सामग्रियों को जानने की अवसर देना ।**<br>**(सभी छात्रों का भागीदारी)** | सितंबर से अक्तूबर तक | हिंदी शब्दकोश का निर्माण । | Teacher Resource |
| 3 | आशय अच्छी तरह शुद्ध रूप से प्रस्तुत करने की क्षमता बढ़ाना ।<br><br>सर्गात्मक रचनाओं को विकसित करने की अवसर देना।**(सुरीली हिंदी)** | Hindi Assembly<br>दिनाचरण । सितंबर 14<br>**जनवरी -10**<br>वाचन सामग्रियों का निर्माण ।<br>चित्र कहानी की रचना ।<br>कहानी बोलने वाचन करना।<br>पोस्टर निर्माण | नवंबर से फरवरी | पाठपुस्तक | Teacher Resource |

| യു.പി സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. . സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ, മുന്നറിവുകൾ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബസപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് ഓരോ പഠിതാവിനും പ്രവർത്തനങ്ങൾ നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |
| 2.പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | virtual field trip | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |
| 3.ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |
| 4.പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാർ ആക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി , കൊടുങ്കാറ്റ് , വെള്ളപ്പൊക്കം . ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതി ജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീ വ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |

| | | | | |
|---|---|---|---|---|
| | ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാർ ആക്കുകയും ചെയ്യുന്നു. | | | |
| 5.സഹജീവികളോട് സമ ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം . പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ , ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |
| 6. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെകുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം. സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |

| | | | | |
|---|---|---|---|---|
| 7.സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാട് എവിടെ മക്കളെ?<br>(ഫീൽഡ് ട്രിപ്പ്, സർവേ)<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ കാടുകൾ കണ്ടൽക്കാടുകൾ തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |
| 8.സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതു ചക്രവാളത്തിലേക്ക് സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | PTA |

# വിജയോദയം യു.പി സ്കൂൾ ചെമ്പ്

# സംസ്കൃതം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

# വിജയോദയം യൂ.പി സ്കൂൾ ചെമ്പ്

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

# വിജയോദയം യു.പി സ്കൂൾ ചെമ്പ്

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |